Government of Kerala

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

നം. കൈറ്റ്/2020/1631 (3) തീയതി : 12.02.2020

## സർക്കുലർ

**വിഷയം:- കൈറ്റ് - സംസ്ഥാനത്തെ ഹൈടെക് സ്കൂൾ പദ്ധതിയുടെ ഫലപ്രാപ്തി പഠനം നടത്തുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.**

സൂചന:- 1. സ.ഉ.(സാധാ) നം. 165/2018/പൊ.വി.വ തീയതി 10.01.18
2. സ.ഉ.(സാധാ) നം. 3847/2019/പൊ.വി.വ തീയതി 27.09.2019

സംസ്ഥാനത്ത് 4752 പൊതുവിദ്യാലയങ്ങളിൽ 'ഹൈടെക് സ്കൂൾ പദ്ധതിയുടെ ഭാഗമായി 45000 ക്ലാസ് മുറികൾ ഹൈടെക് ആക്കുകയും അക്കാദമിക പ്രവർത്തനങ്ങൾക്ക് ഹൈടെക് സംവിധാനങ്ങൾ ഉപയോഗിക്കുകയുമാണ്. ഹൈടെക് സ്കൂൾ പദ്ധതിയുടെ ഭാഗമായി വിതരണം ചെയ്ത ഉപകരണങ്ങളുടെ തൽസ്ഥിതി അറിയാനും തുടർ നടപടികൾക്കുമായി ഓരോ വർഷവും പ്രത്യേക ഐടി ഇൻഫ്രാസ്ട്രക്ചർ ഓഡിറ്റ് നടത്തുന്നതാണെന്നും സൂചന 2 പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത ഓഡിറ്റ് കൂടാതെ ഹൈടെക് സ്കൂൾ പദ്ധതിയുടെ ഫലപ്രാപ്തി പഠനം പുറമേയുള്ള ഏജൻസികളെക്കൊണ്ട് നടത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഇപ്രകാരമുള്ള ഒരു പഠനം നടത്തുന്നതിനായി Intel Technology India Private Limited അമേരിക്കയിലെ OHIO യൂണിവേഴ്സിറ്റിയും കേരള സർവകലാശാലയുമായി ചേർന്ന് നടത്തുന്നതിന് പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പഠനം കൃത്യമായി നടപ്പിലാക്കുന്നതിന് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:

1. ഹൈടെക് സ്കൂൾ പദ്ധതി നടപ്പിലാക്കിയവയിൽ തെരഞ്ഞെടുത്ത 1188 സ്കൂളുകളിലാണ് പഠനം നടത്തുന്നത്. ടി സ്കൂളുകളിലെ അധ്യാപകർക്ക് ആദ്യഘട്ടത്തിൽ ഒരു ഓൺലൈൻ സർവെ ഫോറം noreply@qualtrics-research.com എന്ന ഇ-മെയിൽ വിലാസത്തിൽ നിന്ന് ലഭ്യമാക്കുന്നതാണ്. ഈ സർവേ ഫോറത്തിൽ വിശദാംശങ്ങൾ ഉൾപ്പെടുത്തുന്നതിന് പരമാവധി 30 മിനിറ്റ് സമയമേ ആവശ്യമായി വരുകയുള്ളൂ. ആയതിനാൽ അധ്യാപകർ ഈ സർവെ 20.02.2020-ന് മുമ്പ് പൂർത്തീകരിക്കേണ്ടതാണ്.

2. രണ്ടാംഘട്ടമായി 2020 ഫെബ്രുവരി അവസാന വാരത്തിൽ പഠനം നടത്തുന്ന വിദഗ്ധരുടെ സംഘം തെരഞ്ഞെടുത്ത സ്കൂളുകൾ നേരിട്ട് സന്ദർശിച്ച് അവിടത്തെ അധ്യാപകരും വിദ്യാർത്ഥികളുമായി സംവദിക്കുന്നതാണ്. വിദഗ്ധസംഘം സന്ദർശനം നടത്തുന്ന സ്കൂളുകളെ വിവരങ്ങൾ മുൻകൂട്ടി അറിയിക്കുന്നതാണ്. ആയതിനുള്ള സൗകര്യങ്ങൾ അതത് പ്രഥമാധ്യാപകർ ഒരുക്കേണ്ടതാണ്.

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

പൊതുവിദ്യാഭ്യാസ ഡയറക്ടർ - അറിവിലേയ്ക്ക്
എല്ലാ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ (എച്ച്.എസ്.ഇ)/അസി. ഡയറക്ടർ (വി.എച്ച്.എസ്.ഇ)/
വിദ്യാഭ്യാസ ഉപഡയറക്ടർ/ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
എല്ലാ സ്കൂൾ പ്രഥമാധ്യാപകർക്കും - ജില്ലാ കോർഡിനേറ്റർ മുഖേന
കരുതൽശേഖരം